**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2758** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടിയുള്ള വികസന, ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മൂന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ള വികസന, ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച രൂപരേഖ തയ്യാറായിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | **രൂപരേഖ തയ്യാറായിട്ടുണ്ട്. അത്, അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ഇതോടനുബന്ധിച്ച് പ്രസ്തുത മേഖലയിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി പശ്ചാത്തല സൗകര്യ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പഠനമുറി നിർമ്മാണം<br>2. ഐ.ടി സെൽ സ്ഥാപിക്കൽ<br>3. ഹരിതവരുമാന പദ്ധതി<br>4 ഉന്നതി ഹോസ്റ്റൽ<br>5കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഐ.ടി.ഐ.യുടെ അക്കാഡമിക് ബ്ലോക്കിന്റെ പൂർത്തീകരിച്ച കെട്ടിടം<br>6.കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഐ.ടി.ഐ. യുടെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പദ്ധതി. |
| (സി) | പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് പട്ടികജാതി വിഭാഗക്കാരുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമിട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | മൂന്നാം നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് പട്ടികജാതി വിഭാഗക്കാരുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-<br>**ജ്വാല -** പൗരാവകാശ സംരക്ഷണ നിയമം (PCR), അതിക്രമം തടയൽ നിയമം (POA) എന്നിവയിലെ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുക, അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാർക്ക് അടിയന്തിര നിയമസഹായവും ആശ്വാസ ധന സഹായവും ലഭ്യമാക്കുക എന്നീ ലക്ഷ്യത്തോടെ ജ്വാല പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>**യൂണിഫോം കോഴ്സ് -** സായുധ സേനയിൽ ചേരാൻ ആഗ്രഹിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് വിവിധ പ്രീ റിക്രൂട്ട്മെന്റ് പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുകയും കര, നാവിക, വ്യോമസേന, കേന്ദ്ര സായുധ പോലീസ് സേന, ദേശീയ സുരക്ഷാ ഗാർഡ് തുടങ്ങിയ വിവിധ സായുധ സേനകളിലേക്ക് റിക്രൂട്ട്മെന്റിനായി സജ്ജരാക്കുന്നു.<br><br>**ഏവിയേഷൻ മേഖലയിൽ തൊഴിൽ ലഭ്യമാക്കൽ -** പട്ടികജാതി വിഭാഗം യുവതി യുവാക്കൾക്ക് ഏവിയേഷൻ മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന IATA (International Air Transport Association) അംഗീകരിച്ച Cabin Crew Training, Airline Customer Service, Supply Chain & Operation Modes എന്നീ കോഴ്സുകളിൽ പരിശീലനം നൽകി ഏവിയേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് നൽകുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| മൂന്നാം നൂറു ദിന പരിപാടികൾ | | | | |
|---|---|---|---|---|
| ക്രമ നം | പ്രവൃത്തിയുടെ പേര് | മേഖല | തുക (ലക്ഷത്തിൽ | പദ്ധതി സംബന്ധിച്ച വിവരണം |
| 1 | പഠനമുറി നിർമ്മാണം | പശ്ചാത്തല സൗകര്യ വികസനം | 2500.00 | 8 മുതൽ ക്ലാസ് 12 പഠിക്കുന്ന കുട്ടികൾക്ക് പഠനമുറി നിർമ്മാണത്തിന് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. |
| 2 | ഐടി സെൽ സ്ഥാപിക്കൽ | പശ്ചാത്തല സൗകര്യ വികസനം | 25.46 | വകുപ്പ് ഡയറക്ടറേറ്റിലും ഡയറക്ടറേറ്റിന് കീഴിലുമുള്ള മറ്റ് ഓഫീസുകളിലും ജില്ലാതല/ ബ്ലോക്ക് തല ഓഫീസുകളിലും ഇ - ഓഫീസ് ഉൾപ്പെടെയുള്ള വെബ് അധിഷ്ഠിത പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും സുഗമമായ നടത്തിപ്പിനുമായി ഐ.ടി സെല്ലിന്റെ രൂപീകരണം ആവശ്യമാണ്. |
| 3 | ഹരിത വരുമാന പദ്ധതി | പശ്ചാത്തല സൗകര്യ വികസനം | 420.00 | ഇതിന്റെ ഭാഗമായി പട്ടികജാതി വിഭാഗക്കാരുടെ വീടുകളിൽ സോളാർ പാനൽ സ്ഥാപിച്ച് സൌരോർജ്ജ വൈദ്യുതീകരണവും ഉണഭോക്താക്കൾക്ക് അധിക വരുമാനം ലഭ്യമാക്കുകയും ചെയ്യുന്നു. |
| 4 | കാസറഗോഡ് ജില്ലയിലെ നീലീശ്വരം ഐ.ടി.ഐ-യുടെ അക്കാഡമിക്ക് ബ്ലോക്കിന്റെ പൂർത്തീകരിച്ച കെട്ടിടം | പശ്ചാത്തല സൗകര്യ വികസനം | 140.00 | കാസറഗോഡ് ജില്ലയിലെ നീലീശ്വരം ഐ.ടി.ഐ-യുടെ അക്കാഡമിക്ക് ബ്ലോക്കിന്റെ പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഉത്ഘാടനം ബഹു. വകുപ്പ് മന്ത്രി 22/2/2023 ന് നിർവ്വഹിക്കും |
| 5 | കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഐ.ടി.ഐ-യുടെ അക്കാഡെമിക്ക് ബ്ലോക്കിന്റെ നിർമ്മാണ പദ്ധതി | പശ്ചാത്തല സൗകര്യ വികസനം | 123.60 | ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള ഓടിട്ട കെട്ടിടത്തിനു പകരം പുതിയ അക്കാഡെമിക്ക് ബ്ലോക്കിന്റെ നിർമ്മാണം |

| ക്രമ നം | പ്രവൃത്തിയുടെ പേര് | മേഖല | തുക (ലക്ഷത്തിൽ | പദ്ധതി സംബന്ധിച്ച വിവരണം |
|---|---|---|---|---|
| 6 | ജ്വാല | ഉപജീവന മാർഗ്ഗം | 9.69 | പൗരാവകാശ സംരക്ഷണ നിയമം (പിസിആർ), അതിക്രമങ്ങൾ തടയൽ നിയമം (പിഒഎ) എന്നിവയുടെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അതിക്രമത്തിന് ഇരയായവർക്ക് സഹായം നല്കുന്നതിനായി ദേശീയ ഹെൽപ്പ് ലൈനിന്റെ (എൻഎച്ച്എഎ) ഭാഗമായി ഒരു കോൾ സെന്റർ സ്ഥാപിക്കും. |
| 7 | യൂണിഫോം കോഴ്സ് | ഉപജീവന മാർഗ്ഗം | 189.00 | സായുധ സേനയിൽ ചേരാൻ ആഗ്രഹിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് വിവിധ പ്രീ-റിക്രൂട്ട്മെന്റ് പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുകയും കര, നാവിക, വ്യോമസേന, കേന്ദ്ര സായുധ പോലീസ് സേന, ദേശീയ സുരക്ഷാ ഗാർഡ് തുടങ്ങിയ വിവിധ സായുധ സേനകളിലേക്ക് റിക്രൂട്ട്മെന്റിനായി സജ്ജരാക്കുന്നു. |
| 8 | ഉന്നതി ഹോസ്റ്റൽ | പശ്ചാത്തല സൗകര്യ വികസനം | 60.00 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള വനിതകൾക്കും ഉന്നത വിദ്യാഭ്യാസത്തിനും മറ്റ് മത്സര പരീക്ഷ പരിശീലനങ്ങൾക്കുമായി എത്തുന്ന വിദ്യാർഥിനികൾക്കും വേണ്ടി ഹോസ്റ്റലുകൾ സജ്ജീകരിക്കുവാൻ ലക്ഷ്യമിടുന്നു. |
| 9 | ഏവിയേഷൻ മേഖലയിൽ തൊഴിൽ ലഭ്യമാക്കൽ | ഉപജീവന മാർഗ്ഗം | 168.18 | പട്ടികജാതി വിഭാഗം യുവതി യുവാക്കൾക്ക് ഏവിയേഷൻ മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന IATA (International Air Transport Association) അംഗീകരിച്ച Cabin Crew Training, Airline Customer Service, Supply Chain & Operation Modes എന്നീ കോഴ്സുകളിൽ പരിശീലനം നൽകി ഏവിയേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് നൽകുന്നു. |